ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ, പി.ഒ, തിരുവനന്തപുരം . പിൻ.695035
ഫോൺ: 0471-2302490, ഫാക്സ് : 0471- 20303080
ഇ - മെയിൽ : dhskeralahlth@kerala.gov.in വെബ് സൈറ്റ് : www.dhs.kerala.gov.in

# സർക്കുലർ

നം. ഇ.എഫ്4/813310/2021/ആ.വ.ഡ തീയതി.03.12.2021

വിഷയം :- ആ.വ.ഡ-ജീവനക്കാര്യം- ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ്.II തസ്തികയിൽ പി.എസ്.സി നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്റ്റേറ്റ് ടി.ബി ട്രയിനിംഗ് ആന്റ് ഡെമോൺസ്ട്രേഷൻ സെന്ററിൽ 6 മാസത്തെ പരിശീലനം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- A1/152/2021/STBDC, തീയതി. 28/10/2021.

ആരോഗ്യവകുപ്പിലെ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് .II തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് GO(MS) No. 260/05/H&FWD Dated. 15/10/2005 പ്രകാരമുള്ള സാങ്കേതിക യോഗ്യത Tuberculosis Association of India, New Delhi നടത്തി വരുന്ന TB Health Visitor Course അല്ലെങ്കിൽ അതിനു തുല്യമായ കേരള സർക്കാർ അംഗീകരിച്ച മറ്റ കോഴ്സുകൾ ആണ്. മേൽപ്പറഞ്ഞ സാങ്കേതിക യോഗ്യത അഭാവത്തിൽ ഹയർസെക്കന്ററി കോഴ്സ് (സയൻസ്) പാസായവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി നിയമനം ലഭിക്കുമ്പോൾ അവർക്ക് സ്റ്റേറ്റ് റ്റി.ബി ട്രയിനിങ്ങ് ആൻഡ് ഡെമോൺസ്ട്രേഷൻ സെന്ററിൽ നിന്നും ആറു മാസത്തെ ട്രയിനിങ്ങ് (Pre-service training) നൽകേണ്ടതാണ്.

പ്രസ്തുത സാങ്കേതിക യോഗ്യതയില്ലാത്ത ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് .II ഉദ്യോഗാർത്ഥികൾ പി.എസ്.സി നിയമന ശിപാർശ ലഭിച്ചതിനുശേഷം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ മുമ്പാകെ റിപ്പോർട്ട് ചെയ്യുമ്പോൾ അവരുടെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് നിയമനത്തിന് യോഗ്യരാണെന്ന് കണ്ടെത്തുന്ന പക്ഷം സ്റ്റേറ്റ് റ്റി.ബി ആൻഡ് ഡെമോൺസ്ട്രേഷൻ സെന്ററിൽ 6 മാസത്തെ പരിശീലനത്തിന് പങ്കെടുക്കാൻ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് അതാത് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകേണ്ടതും ടി വിവരം സ്റ്റേറ്റ് റ്റി.ബി ട്രെയിനിങ്ങ് ആൻഡ് ഡെമോൺസ്ട്രേഷൻ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

for
അഡീഷണൽ ഡയക്ടർ (A&T)

സ്വീകർത്താവ്:

എല്ലാ മെഡിക്കൽ ഓഫീസർമാർക്കും

NM- 03/12/2021